**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2212** **20-01-2021 - ൽ മറുപടിയ്ക്ക്**

**സീനിയർ സിറ്റിസൺസ് ഹാബിറ്റാറ്റ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യ, സാമൂഹിക നീതി, വനിത-ശിശു വികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ എത്ര സർക്കാർ അംഗീകൃത വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ 16 ഗവ.വൃദ്ധസദനങ്ങളും, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടു-കൂടിയുള്ള 619 സർക്കാർ ഇതര വൃദ്ധസദനങ്ങളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | സർക്കാർ അംഗീകാരമില്ലാത്ത വൃദ്ധസദനങ്ങളുടെ എണ്ണമെത്ര; | (ബി) | 34 വൃദ്ധസദനങ്ങൾ |
| (സി) | വൃദ്ധരായ അന്തേവാസികളുടെ ശുശ്രൂഷയ്ക്കും പുനരധിവാസത്തിനും വേണ്ടി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്; | (സി) | സർക്കാർ വൃദ്ധസദനത്തിലെ താമസക്കാരുടെ ശുശ്രൂഷയ്ക്കും പുനരധിവാസത്തിനും വേണ്ടി സാമൂഹ്യനീതി വകുപ്പ് നിരവധി പദ്ധതികൾ നടപ്പലാക്കി വരുന്നു. താമസക്കാർക്ക് ആയുർവേദ ചികിത്സ നൽകുന്ന വയോ അമൃതം പദ്ധതി, താമസക്കാരുടെ ശാരീരിക ക്ഷമതയും മാനസികാരോഗ്യവും മെച്ചപ്പെടുത്തുന്നതിനുള്ള മ്യൂസിക് തെറാപ്പി, യോഗ തെറാപ്പി, വയോജനങ്ങളുടെ മാനസിക സുസ്ഥിതി ഉറപ്പു വരുത്തുന്നതിന് NIMHANS-ന്റെ സഹായത്തോടു കൂടി കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം വൃദ്ധസദനങ്ങളിൽ സൈക്കോ സോഷ്യൽ കെയർ ഫോർ എൽഡേർലി ഇൻ ഓൾഡ് ഏജ് ഹോം പദ്ധതി, സംസ്ഥാനത്തെ വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും, സേവനങ്ങളും ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന സെക്കന്റ് ഇന്നിംഗ്സ് ഹോം പ്രോജക്ട് (കണ്ണൂർ, മലപ്പുറം, കൊല്ലം വൃദ്ധസദനങ്ങളിൽ) എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് ഒരു താമസക്കാരന് പ്രതിമാസം 1,100/- രൂപ എന്ന നിരക്കിൽ ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | സഹായത്തോടുകൂടി മതിയായ ശുശ്രൂഷയും നൽകിവരുന്നു. |
| (ഡി) | വൃദ്ധർക്കായി ഓരോ ജില്ലയിലും സീനിയർ സിറ്റിസൺസ് ഹാബിറ്റാറ്റ് സെന്റർ എന്ന പേരിൽ ഒരു ഏകീകൃത പാർപ്പിട സമുച്ചയം നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

150 YEARS OF CELEBRATING THE MAHATMA

**പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിൽ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2212 - " സീനിയർ സിറ്റിസൺസ് ഹാബിറ്റാറ്റ് സെന്റർ" ന്റെ (ബി) പിരിവിന് മറുപടി ലഭ്യമാക്കാത്തതിനുള്ള കാലതാമസപത്രിക**

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2212 (" സീനിയർ സിറ്റിസൺസ് ഹാബിറ്റാറ്റ് സെന്റർ") ന്റെ (ബി) പിരിവിന് "വിവരം ശേഖരിച്ചു നല്കുന്നതാണ്" എന്ന് മറുപടി നൽകിയിയിരുന്നു. സർക്കാർ അംഗീകാരമില്ലാത്ത വൃദ്ധ സദനങ്ങളുടെ വിവരങ്ങൾ എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച് ടി. വിവരം കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പൂർണ്ണമായ മറുപടി ലഭ്യമാക്കുന്നു. ഇക്കാര്യത്തിലുണ്ടായ മനഃപൂർവ്വമല്ലാത്ത കാലതാമസം മാപ്പാക്കി നൽകണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

ഡോ ആർ ബിന്ദു
Minister
O/o Minister Social Justice

ഡോ. ആർ. ബിന്ദു
ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പ് മന്ത്രി